**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. ***266** 28.01.2014-ൽ മറുപടിയ്ക്ക്

## മരാമത്ത് പണികൾക്ക് കരാറുകാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>,, മാത്യു.റ്റി.തോമസ്<br>,, സി.കെ.നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) മരാമത്ത് പണികൾക്ക് കരാറുകാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; | (എ) പൊതുമരാമത്ത് പണികൾക്ക് കരാറുകാർ ഗ്യാരണ്ടി നൽകണമെന്ന വ്യവസ്ഥ പണികളുടെ സ്വഭാവമനുസരിച്ച് നിലവിലുണ്ട്. ഇത് സർക്കാർ ഉത്തരവ് 31.08.2013-ലെ ജി.ഒ.(എം.എസ്) നം. 73/2013/പൊ.മ.വ പ്രകാരം നിലവിൽ വന്നു. |
| (ബി) വ്യവസ്ഥകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ബി.എം & ബി.സി പ്രവൃത്തികൾക്കും പാലം പണികൾക്കും 36 മാസവും പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12 മാസവും സിമന്റ് പ്രവൃത്തികൾക്ക് 18 മാസവും റിപ്പയർ പണികൾക്ക് 6 മാസവുമാണ് ഗ്യാരണ്ടി. ദേശീയപാതാ വിഭാഗത്തിലെ പ്രധാന പണികൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിലുള്ള ഡിഫക്ട് ലയബിലിറ്റിയോടുകൂടി തന്നെയാണ് നടപ്പിലാക്കി വരുന്നത്. ഇതനുസരിച്ച് 40 mm ഘനം വരെയുള്ള ഉപരിതലം മെച്ചപ്പെടുത്തൽ പണികൾക്ക്, 1 വർഷത്തെയും, 40 mm-ന് മുകളിൽ ഘനം ഉള്ള പണികൾക്ക് 3 വർഷത്തെയും ഡിഫക്ട് ലയബിലിറ്റിയാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. |
| (സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ അകാരണമായി പണി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ അകാരണമായി നീട്ടികൊണ്ടുപോകുന്ന കരാറുകാർക്ക് എതിരെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്. കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ വലിയ വീഴ്ച വരുത്തുന്ന കരാറുകാർക്ക് നോട്ടീസ് നൽകുകയും തുടർന്ന് കരാറുകാരുടെ റിസ്ക് & കോസ്റ്റിൽ തന്നെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ പണി അനന്തമായി നീടികൊണ്ടുപോകുന്നത് തടയാൻ എഗ്രിമെന്റിലുള്ള കാലാവധിയുടെ പകുതി മാത്രമേ പരമാവധി കാലാവധി നീട്ടി നൽകാവൂ എന്ന് |

മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുമ്പോൾ തന്നെ വർക്കിന്റെ പ്രോഗ്രാം നൽകണമെന്നും അത് പാലിച്ചില്ലെങ്കിൽ കരാർ തന്നെ റദ്ദാക്കാനും ഒപ്പം കോൺട്രാക്ടറുടെ രജിസ്ട്രേഷൻ റദ്ദാക്കാനും മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമത്തിൽ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

| | |
|---|---|
| (ഡി) പ്രസ്തുത പണികളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാതെ വീഴ്ച വരുത്തിയ ശ്രീ.എൻ.എ.നജീബ് എന്ന കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. കൂടാതെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാതെ അകാരണമായി നീട്ടിക്കൊണ്ടുപോകുന്നതിന് കോൺട്രാക്ടറെ സഹായിച്ച പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദീകരണം തേടി നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ ചെത്തി-ചെന്നിവേലി പാലം നിർമ്മാണം അകാരണമായി നീട്ടിക്കൊണ്ടുപോയി പാലത്തിന്റെ സമയബന്ധിതമായ പൂർത്തീകരണം തടസ്സപ്പെടുത്തിയ ശ്രീ.എം.ബഷീർ എന്ന കരാറുകാരനെയും റിസ്ക് & കോസ്റ്റിൽപ്പെടുത്തി ഒഴിവാക്കിയിരുന്നു. എന്നാൽ പിന്നീട് അദ്ദേഹത്തിന്റെ റിസ്ക് & കോസ്റ്റ് ബാദ്ധ്യത ഒഴിവാക്കുകയും, അങ്ങനെ ഒഴിവാക്കിയതിന്റെ നഷ്ടം വസൂലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരായ ശ്രീ.ബി.മോഹനൻ, ശ്രീ.സി.കെ.വർഗ്ഗീസ് എന്നിവരിൽ നിന്നും പെൻഷന്റെ 1/3 ഭാഗം പിടിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ